നൽകാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്.

(സി) അഭയം പദ്ധതി നടപ്പിലാക്കുന്നതിന് ബോർഡ് 2015-16-ലെ ബഡ്ജറ്റിൽ ശുപാർശ ചെയ്തിട്ടുള്ളതും ഇതിലേയ്ക്ക് തുക വകയിരുത്തിയിട്ടുള്ളതുമാണ്. കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശുപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്

188 (2397) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ ഏതു സംസ്ഥാനക്കാരാണെന്നും എന്തൊക്കെ തൊഴിൽ ചെയ്യുന്നുവെന്നും എവിടെയൊക്കെ താമസിക്കുന്നുവെന്നും മനസ്സിലാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള ക്രിമിനൽ കേസുകളും ഇവർക്കെതിരെയുള്ള പീഡനങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളിലെ ക്രിമിനലുകളെ തിരിച്ചറിയുവാനും ഇവർക്കെതിരെയുള്ള വർദ്ധിച്ചുവരുന്ന പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും അവസാനിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും തൊഴിൽ - ആഭ്യന്തര വകുപ്പുകൾ സംയുക്തമായി ഇവർക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. 1979-ലെ അന്യസംസ്ഥാന തൊഴിലാളി നിയമ പ്രകാരം അഞ്ചോ അതിൽ കൂടുതലോ അന്യസംസ്ഥാന തൊഴിലാളികളെ ഏതെങ്കിലും കരാറടിസ്ഥാനത്തിലെ കരാറുകാരൻ മുഖേനയോ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യിപ്പിക്കുന്നതിന് തൊഴിലുടമ ടി നിയമപ്രകാരമുള്ള രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും തൊഴിൽ വകുപ്പിൽ നിന്നും കരസ്ഥമാക്കേണ്ടതാണ്. അന്യ സംസ്ഥാന തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇവർക്ക് സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനത്തെക്കുറിച്ചും തൊഴിലിടത്തെക്കുറിച്ചും ഏർപ്പെടുന്ന തൊഴിലിനെക്കുറിച്ചും മനസ്സിലാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്നു. കൂടാതെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ ലഭ്യമാണ്.

(ബി) ഉണ്ട്.

(സി) തൊഴിൽ-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി അന്യസംസ്ഥാന തൊഴിലാളികൾക്കായി രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടില്ല.

ആശുപത്രി വ്യവസായബന്ധ സമിതി

189 (2398) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സമിതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സമിതി രൂപീകരണംവഴി സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സ.ഉ (ആർ.റ്റി) നമ്പർ 799/12/തൊഴിൽ പ്രകാരം ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 28-5-2012-ൽ നിലവിൽ വന്നു. ആശുപത്രി വ്യവസായ മേഖലയിൽ സമാധാനവും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പുവരുത്തി മെച്ചപ്പെട്ട തൊഴിലുടമാ-തൊഴിലാളി ബന്ധം ദൃഢപ്പെടുത്തി ഈ മേഖലയിൽ സമാധാന അന്തരീക്ഷം നിലനിർത്തുകയാണ് വ്യവസായബന്ധ സമിതിയുടെ

LIBRARY ARCHIVES Kerala Legislative Assembly